# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **01-07-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 5441**

## സ്റ്റാർട്ടപ് സംരംഭകർക്കായി പദ്ധതികൾ

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പു മന്ത്രി) |
| (എ) സ്റ്റാർട്ടപ് സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി വ്യവസായവകുപ്പും, വിവര സകേതിക വകുപ്പും നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെ എന്തൊക്കെ സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതികളിലൂടെ നവ വ്യവസായ സംരംഭങ്ങൾക്ക് നൽകി വരുന്നത്; | (എ) വിവര സാങ്കേതിക വിദ്യ വകുപ്പിന് കീഴിൽ തിരുവനന്തപുരം ടെക്നോ പാർക്കിൽ കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ സഹായത്തോടെ മുഖ്യമന്ത്രി ചെയർമാനായ സൊസൈറ്റിയായി ഒരു ടെക്നോളജി ബിസിനസ് ഇൻക്യുബേറ്റർ പ്രവർത്തിക്കുന്നുണ്ട്. ടെക്നോ പാർക്കിലെ ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററിൽ (TTBIC) ഇൻക്യുബേറ്റ് ചെയ്യപ്പെട്ട ഒരു കമ്പനിയാണ് മോബ് മി വയർലെസ്. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ സഹായത്തോടെ പൊതു സ്വകാര്യ പങ്കാളിത്ത മോഡലിൽ പ്രസ്തുത കമ്പനി കളമശ്ശേരിയിലുള്ള കിൻഫ്ര ഹൈടെക് പാർക്കിൽ സ്റ്റാർട്ട് അപ്പ് വില്ലേജ് എന്ന പേരിൽ ഒരു TTBIC 2012 മാർച്ചിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. തുടക്കത്തിൽ 5000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ആരംഭിച്ച ഈ പദ്ധതി 10000 ചതുരശ്ര അടിയിലേക്ക കൂടി കിൻഫ്ര വ്യാപിപ്പിച്ചിട്ടുണ്ട്. ഇതു പൂർത്തിയായതോടെ 38 ഓളം കമ്പനികളെ ഇൻക്യുബേറ്റ് ചെയ്തിട്ടുണ്ട്. ഇതോടൊപ്പം ഏതാണ്ട് 636 വെർച്വൽ സ്റ്റാർട്ട് അപ്പുകൾ കൂടി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. യുവാക്കളിൽ ബിസിനസ്സ് സംരംഭം വളർത്തുന്നതിനും അവരുടെ സർഗ്ഗാത്മകമായ കഴിവുകളും സാങ്കേതിക പരിജ്ഞാനവും പരമാവധി പ്രയോജനപ്പെടുത്തി അവ പൂർണ്ണമായും വികസിപ്പിച്ചെടുത്ത് വിവിധ വ്യവസായ മേഖലകളുടെ കുതിച്ചു ചാട്ടത്തിന് വഴിയൊരുക്കുക എന്നതാണ് TTBIC യുടെ ഉദ്ദേശ്യം. അടുത്ത 10 വർഷത്തോടെ 10000 ഉല്പന്നങ്ങളുടെ സ്റ്റാർട്ട് അപ്പ് കമ്പനികളാണ് ലക്ഷ്യമിടുന്നത്. |

പ്രസ്തുത പദ്ധതിയിൽ വിദ്യാർത്ഥികൾ തന്നെ അംബാസിഡർമാരായി മാറുകയും അവരുടെ സാങ്കേതിക വൈദഗ്ധ്യം പൂർണ്ണമായും പ്രയോജന പ്പെടുത്തിക്കൊണ്ട് ടെലികമ്മ്യൂണിക്കേഷൻ, ഐ.ടി. / ഐ.ടി.ഇ.എസ് മേഖലയിൽ വിവിധ ഉല്പന്നങ്ങൾ വികസിപ്പിച്ചെടുത്ത് മാർക്കറ്റ് ചെയ്യുന്ന തിനും TTBIC വിഭാവനം ചെയ്യുന്നുണ്ട്. സംരംഭ കർക്ക് ആശയങ്ങൾ വികസിപ്പിക്കുന്നതോ ടൊപ്പം അവരുടെ മേഖലകളിൽ അഗ്രഗണ്യൻമാ രായ വ്യവസായ പ്രമുഖരിലൂടെ മെന്ററിങ്ങ് സൗകര്യവും നെറ്റ് വർക്കിങ് അവസരങ്ങൾക്കും സാഹചര്യം ഒരുക്കുന്നു.

സ്റ്റുഡന്റ് ഇന്റർപ്രണർഷിപ്പ് പോളിസി പ്രകാരം നൂതന സംരംഭം തുടങ്ങുന്ന ടെക്നിക്കൽ/ മാനേജ്മെന്റ് വിദ്യാർത്ഥികൾക്ക് 4% വരെ മാർക്കും 20% വരെ ഹാജരും ലഭിക്കുന്നു. യുവാക്കളായ സംരംഭകർക്ക് അവരുടെ നൂതന ആശയങ്ങൾ വിപുലീകരിച്ച് അതിനെ വ്യവ സായ വത്കരിക്കുന്നതിനാവശ്യമായ സഹായം ടെക്നോളജി ബിസിനസ്സ് ഇൻക്യൂബേഷൻ സെന്ററിൽ ചെയ്തു കൊടുക്കുന്നു. സംരംഭകർക്ക് നിക്ഷേപകരെ കണ്ടുപിടിക്കുന്നതിനും ഏയ്ഞ്ചൽ ഫണ്ടിങ്, സീഡ് ഫണ്ടിങ്, വെഞ്ച്വർ ക്യാപിറ്റൽ തുടങ്ങിയ ഉറവിടങ്ങളിലൂടെ ധനസഹായം ലഭ്യമാക്കുന്നതിനും T-TBIC അവസരമൊരുക്കുന്നു. യുവാക്കൾക്ക് ചർച്ചകളും ഗവേഷണവും നടത്തുന്ന തിന് കോൺഫറൻസ് ഹാൾ, ലാബ് സൗകര്യ ങ്ങൾ എന്നിവ ഒരുക്കിക്കൊടുത്തിരിക്കുന്നു. കൂടാതെ അവർക്ക് വിദഗ്ദരായ ആളുകളുടെ പലതരം സഹായവും ലഭ്യമാക്കുന്നു. സ്റ്റാർട്ട് അപ്പ് വില്ലേജിനെ സമീപിക്കുന്ന യുവാക്കളായ സംരംഭ കർക്ക് കമ്പനികൾ രജിസ്റ്റർ ചെയ്യുന്നതിനും, മറ്റ് അക്കൗണ്ടിങ്, നിയമ സേവനങ്ങൾക്കും സ്റ്റാർട്ട് അപ്പ് വില്ലേജിൽ എംപാനൽഡ് ആയിട്ടുള്ള സേവന ദാതാക്കളുടെ സേവനം ലഭ്യമാക്കുന്നുണ്ട്. ഇത്തരം സേവനങ്ങൾ ടെക്നോപാർക്കിലെ TTBIC-യിലും ലഭ്യമാണ്.

കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ധനസഹായത്തോടെ നിലവിൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ്, ടെക്നോപാർക്ക്, കൊല്ലം അമൃത എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കൊച്ചി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി എന്നീ സ്ഥാപനങ്ങളിൽ

ടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്ററുകൾ അതാതു സ്ഥാപനങ്ങൾ മുൻകൈയെടുത്ത്, തുടങ്ങി പ്രവർത്തിച്ച വരുന്നുണ്ട്.

വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കെ.എസ്.ഐ.ഡി.സി. സ്റ്റാർട്ട്-അപ്സിനും നവ സംരംഭകർക്കുമായി വിവിധ തരം പദ്ധതി കളാണ് ആവിഷ്കരിച്ചിരിക്കുന്നത്. യുവ സംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കു കയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പദ്ധതികളുടെ വിശദാംശ ങ്ങൾ ചുവടെ ചേർക്കുന്നു.

- യുവ സരംഭകരുടെ സംരംഭകത്വ ആശയ ങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോത്സാഹനം നൽകുന്നതിലേക്കായി 2014 സെപ്റ്റംബർ മാസം 12 - ാം തീയതി യംങ്ങ് എന്റർപ്രണർഷിപ്പ് സമ്മിറ്റ് (YES) (യുവ സംരംഭകത്വ ഉച്ചകോടി) നടത്താൻ തീരുമാനിച്ചിരിക്കുന്നു.
- പുതു യുവ സംരംഭകർക്ക് അവരുടെ ആശയങ്ങൾ വ്യവസായ, വിദ്യാഭ്യാസ മേഖലകളിലെ പ്രമുഖർക്കു മുന്നിൽ അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുക, കേരളത്തെ യുവസംരംഭ കരുടെ അറിയപ്പെടുന്ന കേന്ദ്രമാക്കി മാറ്റുക തുടങ്ങിയ ലക്ഷ്യങ്ങളാണ് YES -ന് ഉള്ളത്.
- YES - ന് മുന്നോടിയായുള്ള ലോഗോ പ്രകാശന കർമ്മം 2014 ജൂൺ മാസം 17 - ാം തീയതി തിരുവനന്തപുരത്ത് വച്ച് നടന്ന ചടങ്ങിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിച്ചു.
- യുവ സംരംഭകരുടെ സംരംഭകത്വ ആശയങ്ങൾ കേൾക്കുന്നതിനും, അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനു മായി സ്റ്റാർട്ട്-അപ്പ് സെൽ തുടങ്ങാൻ തിരുമാനിച്ചിരിക്കുന്നു. കെ.എസ്.ഐ. ഡി.സി.യുടെ തിരുവനന്തപുരത്തെയും കൊച്ചിയിലെയും ഓഫീസു കളിലാണ് പ്രസ്തുത സെൽ പ്രവർത്തിക്കുന്നത്. ആഴ്ചയിൽ ഏഴു ദിവസവും 24 മണി ക്കൂറും സേവനം ലഭ്യമാക്കുന്ന തരത്തി ലായിരിക്കും സെല്ലിന്റെ പ്രവർത്തനം.
- ലൈഫ് സയൻസ്, ഫുഡ് പ്രോസസ്സിംങ്ങ് കാർഷികം, മറൈൻ തുടങ്ങി വിവിധ ഐ.ടി ഇതര മേഖലകളിൽ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന യുവ സംരംഭ കർക്ക് വേണ്ട സഹായങ്ങളും മാർഗ്ഗ

നിർദ്ദേശങ്ങളും നൽകുന്നതിന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ അത്യാധുനിക സൗകര്യങ്ങളോടുകൂടിയാണ് ഈ ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുക.

- വെൻച്വർ ക്യാപിറ്റൽ അസിസ്റ്റൻസ് സ്കീം എന്ന പേരിൽ പുതു യുവ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി ആസൂത്രണം ചെയ്യുന്നുണ്ട്. സംരംഭകന് ഒപ്പം ചേർന്ന് നിക്ഷേപിക്കാവുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പുതു സംരംഭങ്ങൾക്ക് 25 ലക്ഷം രൂപവരെ ഈ ഇനത്തിൽ സാമ്പത്തിക സഹായം ലഭിക്കും. കൂടാതെ, കേരള ഫിനാൻഷ്യൽ കോർപ്പറേഷനുമായി ചേർന്ന് വെൻച്വർ ഫണ്ട് രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**(ബി)** പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിക്ഷേപക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത് ;

**(ബി)** പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിക്ഷേപ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിന് പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നയപരമായി തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിലും, ഓരോ പ്രോജക്ടും വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കികൊണ്ട് പദ്ധതികൾക്ക് അംഗീകാരം കൊടുക്കുന്നതിനുമായി ഇൻവെസ്റ്റ്മെന്റ് ക്ലീയറൻസ് ബോർഡും രൂപീകരിച്ചിട്ടുണ്ട്.

**(സി)** വ്യവസായം ആരംഭിക്കുവാൻ ആവശ്യമായ എല്ലാ സൗകര്യങ്ങളും ലഭ്യമാക്കുന്ന വിധത്തിൽ ഏകജാലക സംവിധാനം വ്യവസായവകുപ്പിൽ ഏർപ്പെടുത്തയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

**(സി)** വ്യവസായം ആരംഭിക്കുവാൻ ആവശ്യമായ എല്ലാ സൗകര്യങ്ങളും ലഭ്യമാക്കുന്ന വിധത്തിൽ ഏകജാലക സംവിധാനം ഉപയോഗിച്ച് ക്ലീയറൻസ് ഇപ്പോൾ കെ.എസ്.ഐ.ഡി.സി മുഖേന നൽകിവരുന്നുണ്ട്. വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ സമയബന്ധിതമായി ദ്രുതഗതിയിൽ ലഭ്യമാക്കി നിക്ഷേപ തീരുമാനങ്ങൾ വേഗത്തിലാക്കാൻ സൗകര്യമൊരുക്കുകയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ